# "FROM MYTH TO INTERPRETATION: KAIKEYI'S EVOLUTION IN T.V. PRAKASH'S RE-IMAGINING"

PROJECT CODE : BH6BP02B18

Project Report Submitted in Partial Fulfillment for the Award of

Degree of Bachelor of Arts in BHARTHANATYAM of Mahatma Gandhi University


Done By

BHAGYALEKSHMI S

REG NO : SB22BHA006

Guided By

Ms ARUNIMA J.R


ST. TERESA'S COLLEGE
(AUTONOMOUS)
ESTD 1925

MARCH 2025


DEPARTMENT OF BHARTHANATYAM

ST. TERESA'S COLLEGE (AUTONOMOUS), ERNAKULAM, PIN-682011

AFFILIATED TO MG UNIVERSITY, KOTTAYAM

**ST.TERESA’S COLLEGE(AUTONOMOUS),ERNAKULAM,PIN – 682011**

**AFFILIATED TO MAHATMA GANDHI UNIVERSITY**

**DEPARTMENT OF BHARATHANATYAM**

## CERTIFICATE

This is to certify that the thesis entitled “**FROM MYTH TO INTERPRETATION: KAIKEYI’S EVOLUTION IN T.V. PRAKASH’S RE-IMAGINING**” is a bonafide record of the project(BH6BP02B18) done by Bhagyalekshmi S(**SB22BHA006**) under our guidance towards partial fulfillment of the requirements for the award of the degree of bachelor of arts in Bharathanatyam of the University of Mahatma Gandhi during the year of 2025.

Ms. Arunima J.R
Assistant professor
Department of Bharathanatyam
(Guide and project coordinator)

DR. BEENA D
(Head of the department)

**External Examiner**

# ACKNOWLEDGEMENT

I am grateful to Almighty God for giving me the strength, knowledge, and understanding to complete this project.

I express my profound gratitude to Dr. Beena D., Head of Department, St. Teresa's College, for providing all the assistance necessary for the accomplishment of this project.

I am immensely grateful to Arunima J.R., Assistant Professor, St. Teresa's College, for her invaluable support, patience, time, and guidance in seeing me through the completion of this project work.

I also extend my gratitude and appreciation to my lecturers, Mr. Suresh Kumar C.K., Mr. Chandrakumar P.L., Ms. Ria Ravindran, Ms. Drishya Anil (Assistant Professors, Bharatanatyam Department), and Ms. Pooja Balamurali, who have taught me at one point or another.

Finally, I wish to acknowledge the great support of my family and friends, who have been a source of inspiration towards my academic pursuits.

# DECLARATION

**I hereby declared that this Project Report titled " FROM MYTH TO INTERPRETATION: KAIKEYI'S EVOLUTION IN T.V. PRAKASH'S RE-IMAGINING " submitted to the Department of Bharathnatyam. St.Teresa's college (Autonomous) Affiliated to M.G. university, Kottayam is a record of orginal work done by me under the guidance of Ms. Arunima JR.**

**The information and data given in the report is authentic to the best of my knowledge**

**This project report is not submitted to any other University or institution for the award of any degree, diploma, or fellowship**

**24th April 2025** **BHAGYALEKSHMI S**

**ERNAKULAM**

# INDEX


| | |
|---|---|
| 1. ആമുഖം | 6 |
| 2. ടി. എൻ. പ്രകാശ്<br>a) ജീവിതവും പശ്ചാത്തലവും<br>b) സാഹിത്യസംഭാവനകൾ<br>c) പ്രമുഖ കൃതികൾ | 7<br>7<br>7<br>8 |
| 3. പുരസ്കാരങ്ങൾ | 9 |
| 4. കൈകേയി – തന്റെ പ്രശസ്തമായ നോവൽ<br>a) സ്ത്രീത്വത്തെ ഉടലെക്കുന്ന ടി. എൻ. പ്രകാശിന്റെ പ്രധാന രചനകൾ | 10<br>10 |
| 5. രാമായണം ചുരുക്കത്തിൽ<br>a) പ്രധാന കഥാപാത്രങ്ങൾ | 12<br>12 |
| 6. കഥയുടെ ചുരുക്കം<br>a) രാമായണത്തിന്റെ സന്ദേശങ്ങൾ | 13<br>13 |
| 7. ദശരഥന്റെ ഭാര്യമാർ | 14 |
| 8. എന്റെ കൈകേയി | 15 |
| 9. ശ്രീരാമനോടുള്ള സഹോദരങ്ങളുടെ സ്നേഹം എങ്ങനെ ആയിരുന്നു : | 22 |
| 10. നായിക പ്രാധാന്യം | 23 |
| 11. കൈകേയി നൃത്ത രൂപത്തിൽ | 24 |
| 12. പദ രൂപത്തിൽ | 26 |
| 13. കൈകേയി ഇന്നത്തെ കാലത്തേക്കുള്ള പ്രസക്തി | 29 |
| 14. അവസാന നിഗമനം | 30 |

# ആമുഖം

ദശരഥ മഹാരാജാവിന്റെ ഇഷ്ടപത്നി, കൈകേയ രാജ്യത്തെ രാജകുമാരിയായിരുന്ന കൈകേയി യെ രാമായണത്തിലൂടെ നമ്മൾ ഒരുപാട് കേട്ടിരിയ്ക്കുന്നുവല്ലോ. എല്ലാവരിൽ നിന്നും ഒരുപാട് പഴികൾ കേൾക്കേണ്ടിവന്നവൾ. എന്നാൽ കൈകേയി എന്നും കുഴപ്പങ്ങൾ സൃഷ്ടിയ്ക്കുന്നവൾ മാത്രം ആയിരുന്നോ?

മഹാറാണി, അശ്വപതി മഹാരാജാവിന്റെ മകൾ, ദശരഥ മഹാരാജാവിന്റെ പ്രിയ പത്നി എന്നിവയിൽ വളരെ അഭിമാനിയ്ക്കുന്നവളും അതിൽ ഒട്ടും അഹങ്കാരം ഇല്ലാത്തവളും ആയിരുന്നു കൈകേയി.

തന്റെ രാജ്യത്തിൽ എല്ലാമെല്ലാമായവൾ ഒടുവിൽ തന്റെ പുത്രന് വേണ്ടി പഴികൾ ഒരുപാട് കേൾക്കേണ്ടി വന്നവൾ. ഏതൊരമ്മയും മക്കളിൽ കാണാൻ ആഗ്രഹിയ്ക്കുന്ന ഒന്നാണ് തന്നേക്കാൾ ഉയർന്ന നിലയിൽ മക്കൾ എത്തുക എന്നത്. എന്നാൽ അങ്ങനെ ഒരു ആഗ്രഹം ആണ് കൈകേയിയെ എല്ലാവരിലും പുച്ഛഭാവം ഉണ്ടാക്കിയത്.

കൈകേയിയെ കുറ്റം പറയുന്നവർ കൈകേയിയുടെ നല്ല വശത്തെ പറ്റി ചിന്തിയ്ക്കുകയും കൂടി ചെയ്യേണ്ടതായുണ്ട്.

ടി. എൻ. പ്രകാശിന്റെ കൈകേയി എന്ന നോവലിനെ ആസ്പദമാക്കി ഞാൻ എഴുതുന്നു.

# ടി. എൻ. പ്രകാശ്

മലയാള സാഹിത്യത്തിലെ വിശിഷ്ടരായ കഥാകൃത്തും നോവലിസ്റ്റും നാടകാകൃത്തുമായിരുന്നു. സാമൂഹികവും മാനുഷികവുമായ വിഷയങ്ങളിൽ ആഴമായ വീക്ഷണമുള്ള കഥകൾ, അദ്ദേഹം എഴുതി മലയാള സാഹിത്യത്തെ സമ്പന്നമാക്കി.

## ജീവിതവും പശ്ചാത്തലവും

- ജനനം: 1955 ഒക്ടോബർ 10
- ജന്മദേശം: വളിയന്നൂർ, മലപ്പുറം, കേരളം
- മരണം: 2024 മാർച്ച് 24
- തൊഴിൽ: അധ്യാപകൻ, വിദ്യാഭ്യാസ ഉദ്യോഗസ്ഥൻ, എഴുത്തുകാരൻ

ടീച്ചറായി ജോലിചെയ്ത അദ്ദേഹം പിന്നീട് തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറായും സേവനം നടത്തി. വിദ്യാഭ്യാസ രംഗത്തുള്ള സമർപ്പണം എഴുത്തിന്റെ സാമൂഹിക കാഴ്ചപ്പാടിൽ പ്രതിഫലിക്കുന്നു.

## സാഹിത്യസംഭാവനകൾ

ടി. എൻ. പ്രകാശ് കഥ, നോവൽ, ബാലസാഹിത്യം, യാത്രാവിവരണം, ആത്മകഥ, നാടകം തുടങ്ങി പല രചനാശാഖകളിലും സജീവനായിരുന്നു.

**പ്രമുഖ കൃതികൾ:**

- കഥാസമാഹാരങ്ങൾ: താപം, താജ്മഹൽ, വാഴയില, ലോകവസാനം, രാജ്ഘട്ടിൽ നിന്നൊരു യാത്ര
- നോവലുകൾ: കൈകേയി, സാമനില, തൊട്ടാൽ പൊള്ളുന്ന സത്യങ്ങൾ, വിധവകളുടെ വീട്
- ബാലസാഹിത്യം: വങ്ക, ഈസ്റ്ററിന്റെ തലേ രാത്രി
- യാത്രാവിവരണം: ആർട്ട് ഓഫ് ലിവിംഗ്, നക്ഷത്രവിളക്കുകൾ

# പുരസ്കാരങ്ങൾ

- കേരള സാഹിത്യ അക്കാദമി അവാർഡ് (2005) – താപം എന്ന കഥാസമാഹാരത്തിന്
- മയില്പ്പീലിപ്പുരസ്കാരം
- അബുദാബി ശക്തി അവാർഡ്
- വിഎസ്കെ പുരസ്കാരം
- വി.ടി. ഭട്ടതിരിപ്പാട് അവാർഡ്

# കൈകേയി – തന്റെ പ്രശസ്തമായ നോവൽ

കൈകേയി എന്ന നോവലിൽകൂടെ അദ്ദേഹം കൈകേയിയ്ക്ക് ഒരു പുതുജീവൻ നൽകുകയായിരുന്നു. ഈ നോവൽ ഒരു സ്ത്രീപക്ഷ വീക്ഷണത്തിൽ നിന്നുള്ള ഇതിഹാസ വായനയുടെ മികച്ച ഉദാഹരണമാണ്.

അദ്ദേഹത്തിന്റെ കൃതികൾ ഇന്ന് നിരവധി പഠനങ്ങൾക്കും വിവർത്തനങ്ങൾക്കും പ്രചോദനമാണ്.

**സ്ത്രീത്വത്തെ ഉടലെക്കുന്ന ടി. എൻ. പ്രകാശിന്റെ പ്രധാന രചനകൾ:**

1. കൈകേയി (നോവൽ)

- രാമായണത്തിലെ കൈകേയിയെ പുതിയ കണ്ണിൽ കാണിക്കുന്ന കൃതി.
- സ്ത്രീക്ക് ഉള്ളിൽ ഒളിഞ്ഞിരുന്ന വേദന, മോഹം, സ്നേഹം എന്നിവയെ മനുഷ്യമനസ്സിന്റെ ജ്ഞാനത്തോടെ അവതരിപ്പിക്കുന്നു.

2. വിധവകളുടെ വീട് (നോവൽ)

- വിധവകൾക്കായി ഒരുക്കിയ വീടിന്റെ പശ്ചാത്തലത്തിൽ, അവരിൽ ഓരോരുത്തരുടെയും നിശബ്ദ സംഘർഷങ്ങൾ, മോഹങ്ങൾ, നിരാകരണങ്ങൾ, ലജ്ജകളും തുറന്നുകാട്ടുന്ന നോവൽ.
- സമൂഹത്തിന്റെ നിയന്ത്രണങ്ങളിൽ പെട്ടുപോയ സ്ത്രീകളുടെ മൗനവേദനയും വിമുക്തിയുമാണ് കൃതിയുടെ ആധികാരികത.

3. താപ്പം (കഥാസമാഹാരം)

- അതിലെ പല കഥകളും സ്ത്രീജീവിതത്തിന്റെ ആത്മസത്യം പരാമർശിക്കുന്നു.

- സ്ത്രീയെ സമൂഹം കാണുന്ന രീതിയിലേക്കുള്ള വിമർശനാത്മക തിരിഞ്ഞുനോട്ടം.

4. താജ്മഹൽ (കഥാസമാഹാരം)

- സ്നേഹത്തിന്റെ മറവിൽ ലളിതമായി അടിഞ്ഞിട്ടിരിക്കുന്ന സ്ത്രീകൾക്കുള്ള നിലവിളികൾ.
- അതിജീവനത്തിനും ആസ്വാദനത്തിനുമിടയിൽ പെട്ടുപോകുന്ന സ്ത്രീചിന്ത.

5. വാഴയില (കഥാസമാഹാരം)

- പരമ്പരാഗതത്വത്തിൽ ഒതുങ്ങിക്കൊണ്ടിരിക്കുന്ന സ്ത്രീകളുടെ മാനസിക വികാരം എങ്ങനെ പിരിയപ്പെടുന്നു എന്നതിന്റെ ചിത്രീകരണം.

# രാമായണം ചുരുക്കത്തിൽ

രാമായണം ഭാരതത്തിലെ മഹത്തായ ഇതിഹാസകാവ്യങ്ങളിൽ ഒന്നാണ്.
വാല്മീകി എഴുതിയ ഈ കാവ്യം ശ്രീരാമന്റെ ജീവിത കഥയാണ്.

**പ്രധാന കഥാപാത്രങ്ങൾ:**

- ശ്രീരാമൻ –അയോദ്ധ്യയുടെ രാജകുമാരൻ
- സീതാ ദേവി – റാമന്റെ ഭാര്യ
- ലക്ഷ്മണൻ – റാമന്റെ സഹോദരൻ
- ഹനുമാൻ – ഭക്തനും വാനരസേനാനായകനും
- രാവണൻ – ലങ്കാധിപൻ, സീതയെ അപ്പഹരിച്ചവൻ
- ദശരഥൻ – അയോദ്ധ്യയുടെ രാജാവും റാമന്റെ പിതാവ്
- കൈകേയി – ദശരഥന്റെ ഭാര്യ, ഭരതന്റെ മാതാവ്

# കഥയുടെ ചുരുക്കം:

അയോദ്ധ്യയിലെ രാജകുമാരനായി രാമൻ ജനിക്കുകയും ദശരഥ മഹാരാജാവ് രാമനെ രാജാവാക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. പക്ഷേ കൈകേയി, തന്റെ മകൻ ഭരതന് രാജ്യം വേണമെന്ന് ആവശ്യപ്പെടുന്നു. പക്ഷെ അതിൽ എതിർത്ത മഹാരാജ്വിനോടായി പണ്ട് അദ്ദേഹം കൈകേയിയ്ക്ക് കൊടുക്കാം എന്ന് പറഞ്ഞ രണ്ട് വരങ്ങൾ ചോദിയ്ക്കുന്നു. എന്നാൽ കൈകേയിയുടെ വാഗ്ദാനം പാലിച്ച് രാമനെ 14 വർഷം വനവാസത്തിലേക്ക് അയക്കുകയും ചെയ്യുന്നു.

രാമനും സീതയും ലക്ഷ്മണനും ചേർന്ന് വനത്തിലേക്ക് പോകുകയും വനവാസത്തിനിടയിൽ രാവണൻ സീതയെ തട്ടിക്കൊണ്ടു പോകുകയും ചെയ്യുന്നു. എന്നാൽ രാമനാകട്ടെ തന്റെ സീതയെ രക്ഷിയ്ക്കുവാനായി വാനരസേനയുടെ സഹായത്തോടെ ലങ്കയിൽ ചെന്നു സീതയെ രക്ഷിക്കുന്നു.

രാമ-രാവണ യുദ്ധത്തിൽ, രാമൻ രാവണനെ തോൽപ്പിക്കുന്നു.

സീതയെ തിരിച്ചുകൊണ്ടു വന്ന്, രാമൻ രാജസിംഹാസനത്തിൽ ഇരിക്കുന്നു.

**രാമായണത്തിന്റെ സന്ദേശങ്ങൾ:**

- ധർമ്മനിഷ്ഠയും സത്യവ്രതയും ജീവിതത്തിന് ആധാരമാണ്
- സഹനവും സഹോദരസ്നേഹവും ഉന്നത മൂല്യങ്ങളാണ്
- അഹങ്കാരത്തിന്റെയും കുറുചിന്തകളുടെയും ആപത്ത്
- സ്ത്രീശക്തിയും ഭാരവാഹിതയും സീത, കൈകേയി, ശബരി മുതലായവരിൽ പ്രതിഫലിക്കുന്നു

# ദശരഥന്റെ ഭാര്യമാർ:

1. കൗസല്യ

- മൂവരിലെയും മുതിർന്ന ഭാര്യ.
- ശ്രീരാമന്റെ മാതാവ്.
- ഗുണസമ്പന്നിയും ധാർമ്മികവുമായ മഹിഷി.
- ദശരഥന്റെ പ്രിയപ്പെട്ട ഭാര്യയായിരുന്നു, പക്ഷേ രാജകീയരീതികൾക്കനുസരിച്ച് മധ്യഭാഗം കൈകേയിക്കായിരുന്നു.

2. കൈകേയി

- കുന്ദിന രാജാവ് അശ്വപതി മഹാരാജാവിന്റെ മകൾ.
- ഭരതന്റെ മാതാവ്.
- ദശരഥൻ യുദ്ധത്തിൽ അപകടത്തിലായപ്പോൾ, കൈകേയി അവനെ രക്ഷിച്ചു – അതിനായുള്ള പ്രതിഫലമായി രണ്ട് വരങ്ങൾ അവൾക്ക് ലഭിച്ചു.
- പിന്നീട് അവ വപികാരതയുടെ ചൂഷണത്തിലൂടെ രാമനെ വനവാസത്തിലേക്കും ഭരതനെ രാജാവാകുന്നതിനും ഉപയോഗിച്ചു.

3. സുമിത്ര

- മൂന്നാമത്തേയും ഗുണനിലവാരമുള്ളതുമായ മഹിഷി.
- ലക്ഷ്മണനും ശത്രുഘ്നനും സുമിത്രയുടെ മക്കൾ.
- ഏറ്റവും മനോനിമിഷയും ധാർമ്മികതയും പുലർത്തിയ ദശരഥമഹാരാജ്ഞി.
- ലക്ഷ്മണന്റെ രാമഭക്തിക്കും ഭരതൻ്റെ ശത്രുഘ്നഭക്തിക്കും പിന്നിൽ നിന്ന പ്രച്ഛന്നശക്തി.

# എന്റെ കൈകേയി

പ്രസക്ത ഇതിഹാസ കാവ്യമായ രാമായണത്തിലാണ് നമുക്ക് കൈകേയിയെ കാണുവാൻ സാധിയ്ക്കുന്നത്. കഥയുടെ തുടക്കവും ഒടുക്കവും എല്ലാം കൈകേയിയിൽ നിന്നും ആയിരുന്നു.അശ്വപതി രാജാവിന്റെ മകൾ.

അമ്മയില്ലാതെ മകളെ വളർത്തി വലുതാക്കുക എന്നത് ഏതൊരു അച്ഛന്റെയും കടമയാണ്. എല്ലാ അച്ഛന്മാരെപോലെ അദ്ദേഹവും അവളെ ലാളിച്ചും കൊഞ്ചിച്ചും വളർത്തി. "രാജപുത്രി" സങ്കടങ്ങൾ എന്താണവൾക്ക്? ഇടവും വലവും എന്തിനും ഏതിനും തോഴിമാർ.കൈകേയിയ്ക്ക് ആകെ ഉണ്ടായിരുന്ന ഒരു വിഷമം "അമ്മ " മാത്രമായിരുന്നു. ആരെന്നോ എന്തെന്നോ അറിയില്ല എവിടെയെന്നോ എന്ത് പറ്റിയെന്നോ അറിയില്ല. ആദ്യമൊക്കെ എല്ലാവരോടും ഓടി നടന്ന് ചോദിയ്ക്കുമായിരുന്നു. എന്നാൽ പിന്നെ പിന്നെ അത് ഒരു മറവി സ്വപ്നമായി മാറി.

അത്രയും വാൽസ്യത്തോടെ വളർത്തിയ മകളെ വിവാഹം ചെയ്തു നൽകുവാൻ അശ്വപതി രാജാവ് മറന്നിരുന്നില്ല.വിവാഹം ചെയ്തുകൊടുതതോ സുന്ദരനും സുമുഖനുമായ അയോദ്ധ്യ രാജാവ് അജമഹാരാജാവിന്റെ പുത്രൻ നേമി മഹാരാജാവിന്.അവൾ ഏറെ നാളായി കേൾക്കുക മാത്രം ചെയ്തിരുന്നതും, എന്നാൽ ഭർത്താവാക്കാൻ കൊതിച്ചിരുന്നതുമായ ദശരത മഹാരാജാവ്.എല്ലാ ആഗ്രഹങ്ങളും മകൾക്ക് സാധിച്ചു കൊടുക്കുന്ന ഒരച്ഛന് അവളുടെ ഇഷ്ടവും മനസ്സിലാക്കാൻ സാധിച്ചിരിയ്ക്കണം. അതാകാം ഇങ്ങനെ ഒരു വിവാഹത്തിൽ എത്തി ചേർന്നതും.

അങ്ങനെ അശ്വപതി രാജാവിന്റെ പുത്രി ഇപ്പോൾ അയോദ്ധ്യ രാജാവിന്റെ പട്ടമഹിഷിയായിരിയ്ക്കുന്നു.തന്റെ കൊട്ടാരത്തിൽ നിന്നും ഭർതൃ രാജ്യത്തേക്ക് പോകാൻ കൈകേയിയ്ക്ക് സമയം എത്തിചേർന്നിരിയ്ക്കുന്നു.

അങ്ങനെ കാടുകൾ മലകൾ പുഴകൾ എല്ലാം താണ്ടി അവർ കൊട്ടാരത്തിൽ എത്തി ചേർന്നിരിയ്ക്കുന്നു.എന്നാൽ ഒരുപാട് സ്വപ്നങ്ങൾ കണ്ട് രാജാവിന്റെ ഒപ്പം കൊട്ടാരത്തിലെത്തിയ കൈകേയിയ്ക്ക് വിഷമം ആണ് ഉണ്ടായത്.z

കൈകേയിയെ സ്വീകരിയ്ക്കുവാൻ ആരും തന്നെ ഉണ്ടായിരുന്നില്ല അവിടെ. എല്ലാവരും അവളെ കണ്ട് മുഖം തിരിക്കുന്നു. അങ്ങനെ ഒരു മനുഷ്യ സ്ത്രീ അവിടെ നിൽക്കുന്നു എന്ന് പോലും ആരും ചിന്തിക്കുന്നില്ല.തന്റെ

പ്രാണനാഥൻറെ ആദ്യ രണ്ട് ഭാര്യമാരോടും സൗഹൃദം കാണിച്ചു പക്ഷെ അവർ മുഖം തിരിച്ചതല്ലാതെ മറ്റൊന്നും സംഭവിച്ചില്ല.ഒടുവിൽ എല്ലാവരുടെയും മൗനം അവൾക് ശീലമാകുകയായിരുന്നു.

എങ്ങനെ ജീവിക്കേണ്ടവൾ ആയിരുന്നു?

ഭതൃ രാജ്യത്തെ പൊന്നോമന, എല്ലാവരുടെയും കണ്ണിലുണ്ണി, തോഴിമാരുടെ എല്ലാം.

ഇപ്പോൾ വെറും സ്വപ്നം മാത്രം. അവൾ എന്നും അച്ഛനുമായുള്ള ദിനങ്ങൾ ആലോചിയ്ക്കുമായിരുന്നു. അവൾ ആരോടും പിണക്കം നടിച്ചില്ല. തന്റെ പ്രാണനാഥനെ മാത്രം ചിന്തിച്ചിരുന്നു. രാജ്യത്ത് ആകെ അവൾക്ക് കൂട്ടുണ്ടായിരുന്നത് രാജാവും അദ്ദേഹത്തിന്റെ ഓർമ്മകളും മാത്രം.പക്ഷെ തന്റെ പ്രാണനാഥന് കുട്ടികൾ ഉണ്ടാകില്ല എന്ന സത്യം പിന്നീടാണ് കൈകേയിയ്ക്ക് മനസ്സിലാകുന്നത്.

“ഇടി വെട്ടിയവനെ പാമ്പ് കടിച്ചത് പോലെ ആയിരുന്നു കൈകേയിയുടെ അവസ്ഥ.”

എന്നാൽ അതൊന്നുമേ കൈകേയിയ്ക്ക് ഒരു വിഷയമേ ആയിരുന്നില്ല. തന്റെ പ്രാണ നാഥനുമായുള്ള നിമിശങ്ങൾ മാത്രമേ അവളുടെ ചിന്തകൾക്കൊക്കെ ഉണ്ടായിരുന്നുള്ളു.ഒടുവിൽ തന്റെ പ്രാണനാഥനാൽ സമൂഹത്തിൽ നല്ല പേര് ലഭിയ്ക്കാൻ കൈകേയിയ്ക്ക് അവസരം ലഭിയ്ക്കുവാൻ പോകുന്നു.

ദേവ ലോകത്തെ യുദ്ധം. എല്ലാവരും ഇന്ദ്രപദം അത്രയേറെ മോഹിച്ചതിനാൽ യുദ്ധത്തിൽ പങ്കെടുക്കാൻ രാജാവും തയ്യാറായിരുന്നു. കൈകേയിയേയും തന്റെ പ്രാണനാഥൻ കൂടെകൂട്ടി മറ്റ് രണ്ട് ഭാര്യമാർക്കും ലഭിയ്ക്കാത്ത ഭാഗ്യം.

ദേവലോകത്തെത്തിയ രാജാവ് യുദ്ധത്തിനായി തന്നെയും കൂട്ടിയപ്പോൾ ആദ്യം ഒന്ന് ഭയന്നെങ്കിലും പിന്നീട് തന്റെ പ്രാണനാഥനെയും തേരിനെയും ഒരുപോലെ വിശ്വസിച്ചു കൈകേയിയും കൂടെ പോയി.ആഹ് പോക്ക് ചെന്നെത്തിയത് ദേവന്ദ്രൻമാർ തമ്മിലുള്ള വലിയ യുദ്ധത്തിലാണ്. എന്നാൽ പതിയെ പതിയെ യുദ്ധം മുറുകുകയും യുദ്ധത്തിൽ മരണങ്ങൾ അപകടങ്ങൾ എല്ലാം കൂടി കൂടി വരുകയും ചെയ്യുകൊണ്ടേയിരുന്നു. ഒടുവിൽ യുദ്ധത്തിന്റെ അവസാനം ആയപ്പോഴേക്കും സഞ്ചരിച്ചുകൊണ്ട് ഇരിയ്ക്കുന്ന തേരിന്റെ ചക്രത്തിൽ നിന്നും ഒരു ആണി ഇളകി പോകുകയും യുദ്ധത്തിൽ രാജാവുൾപ്പടെ അപകടത്തിൽ ആകുവാൻ സമയം അടുത്തുവരുകയും ചെയ്യുകയാണ്.

എന്നാൽ കൈകേയി ആകട്ടെ തന്റെ വിരലിനെ തേരിന്റെ ചക്രത്തിലെ ആണിയ്ക്ക് പകരമായി വെയ്ക്കുകയും ഒരു രാജ്യത്തിന്റെ എല്ലാമെല്ലാമായ

രാജാവും തന്റെ ജീവന്റെ പാതിയുമായ രാജാവിനെ രക്ഷിയ്ക്കുകയും ചെയ്യുകയും, യുദ്ധത്തിൽ വിജയം കൈവരിയ്ക്കുകയും ചെയ്തു.

യുദ്ധത്തിന്റെ പാതിയിൽ സംഭവിക്കേണ്ടിയിരുന്ന അപകടത്തെ പാടേ മാറ്റുകയും അതിനാൽ യുദ്ധം വിജയിച്ചതിനാലും തന്റെ പ്രിയ പത്നിയ്ക്ക് രണ്ട് വരം നൽകുകയും രാജാവ് ചെയ്തു.

എല്ലാത്തിനും തുടക്കം അവിടെ നിന്നാണ് എന്ന് രാമായണം പറയുന്നു. എന്നാൽ എല്ലാം സംഭവിച്ചത് അവിടെ നിന്നുമായിരുന്നോ? അതോ രാവണ വധത്തിന്റെ ഒരു കാരണം മാത്രമായിരുന്നോ കൈകേയി?

കൊട്ടാരത്തിലെത്തിയ കൈകേയിയോട് മറ്റ് ഭാര്യമാർക്ക് വീണ്ടും അവളോട് ദേഷ്യം ആയിരിയ്ക്കുന്നു. കൈകേയി വീണ്ടും ഒറ്റപ്പെട്ടുവെന്നോ? അതെ. അങ്ങനെയിരിക്കെ കുട്ടികൾ ഉണ്ടാവാത്ത കൊട്ടാരത്തിൽ രാജാവിന് വരും തലമുറയായി സന്തതികൾ ഉണ്ടാകുവാനുള്ള അനുഗ്രഹം ലഭിച്ചിരിയ്ക്കുന്നു .

രാജസഭയിലെ മന്ത്രിമാരുടെയും വേദപണ്ഡിതരുടെയും ഉപദേശപ്രകാരം, ദശരഥൻ പുത്രകാമേഷ്ടി യജ്ഞം നടത്തി.യജ്ഞശേഷം യജ്ഞപുരുഷൻ എന്ന ദിവ്യപുരുഷൻ, യജ്ഞാഗ്നിയിലൂടെ ഉദിച്ച് ദശരഥന് പ്രാസാദമായ ഒരു പായസം നൽകുന്നു. ദശരഥൻ ആ പായസം തന്റെ മൂന്നു ഭാര്യമായ കൌസല്യ, കൈകേയി, സുമിത്ര എന്നിവർക്ക് നൽകുകയും ചെയ്തു. അതിന്റെ ഫലമായിട്ടാണ് ശ്രീരാമൻ, ലക്ഷ്മണൻ, ഭാരതൻ, ശതുര്ഘ്നൻ തുടങ്ങിയ നാല് പുത്രന്മാർ ജനിച്ചത്.

കൗസല്യ പുത്രൻ രാമൻ

കൈകേയി പുത്രൻ ഭരതൻ

സുമിത്ര പുത്രന്മാർ ലക്ഷ്മണൻ, ശത്രുഘ്നൻ.

മക്കളില്ലാതെ വിഷമിച്ച അയോദ്ധ്യ രാജാവിന് ഇതിലും വലിയതായി എന്ത് വേണം?

നാൽവരിൽ ഒന്നാമൻ ശ്രീരാമനോട് ആയിരുന്നു എല്ലാവർക്കും ഏറ്റവും പ്രിയം.

- സത്യനിഷ്ഠ

  സത്യം പറയാനും സത്യം പാലിക്കാനുമായി ഒരാളുടെ മനസ്സിൽ ഉള്ള ഉറച്ച നിശ്ചയം.

- പിതൃഭക്തി

  പിതൃഭക്തി എന്നത് അച്ഛനോടുള്ള ആദരവും സ്നേഹവും “ംവിശ്വാസവും അനുസരണയും നിറഞ്ഞതക്കുന്നു.

- ധാർമ്മികത

  ഭാരതീയ സങ്കൽപ്പത്തിൽ ധർമ്മം എന്ന് പറയുമ്പോൾ വ്യക്തിപരമായി യഥോചിതമായ കർത്തവ്യങ്ങൾ ചെയ്യുക എന്നതാണ് അർത്ഥം. വ്യക്തിയുടെയും സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുക എന്നതാണിത്.

- സഹിഷ്ണുത

  സഹിഷ്ണുത എന്നാൽ മറ്റു മനുഷ്യരുടെ വിശ്വാസങ്ങൾ, ആചാരങ്ങൾ, അഭിപ്രായങ്ങൾ, ജീവശൈലി തുടങ്ങിയവ നമ്മുടെതിൽ നിന്നു വ്യത്യസ്തമായിരിക്കുമ്പോഴും അവയെ ആദരവോടെയും സഹനത്തോടെയും അംഗീകരിക്കാനുള്ള മനോഭാവമാണ്.

- കൃപയും കരുണയും

  അർഹതയില്ലാതെയെങ്കിലും മറ്റൊരാൾക്ക് നന്മ കാണിക്കുന്ന മനോഭാവമാണ് കൃപ.

- കരുണ

  മറ്റൊരാളുടെ കഷ്ടതയും ദു:ഖവും മനസ്സിൽ അനുഭവിച്ച്, അവർക്കായി സഹായിക്കാൻ തോന്നുന്ന ദയാഭാവമാണ് കരുണ.

ഇതിൽ പരം എന്ത് വേണം ഒരുവന്?

**ഭരതന്റെ ഗുണങ്ങൾ:**

- അന്യായത്തിനെതിരെ പൊരുതി നിൽക്കാൻ ധൈര്യം
- സഹോദരനോടുള്ള അതീവ പ്രേമവും വിശ്വാസവും
- രാജധർമം പാലിക്കാൻ ഉള്ള ആത്മസമർപ്പണം
- തൻ്റെ മാതാവിന്റെ തനാശികരണത്തെ എതിർക്കുന്ന ധാർമ്മികത

ഭരതനെ ഭക്തർ “ധർമ്മാത്മാ ഭരത” എന്നും വിളിക്കുന്നു അത്രയും വലിയൊരു ധാർമ്മികതയുടെ പ്രതീകമാണ് അദ്ദേഹം.

**ലക്ഷ്മണന്റെ ഗുണങ്ങൾ**:

- അഭ്യാസമില്ലാത്ത ആത്മസമർപ്പണം
- ശ്രീരാമന്റെ നിർവ്യാജ ഭക്തി
- ധൈര്യവും ധാർമ്മികതയും
- കോപം ഉൾക്കൊള്ളുന്ന സ്വഭാവം (കേന്ദ്രഭാവം) – എന്നാൽ രാമൻ എന്ന സൂര്യന്റെ ചുറ്റുള്ള ചന്ദ്രനായി സമത്വം നിലനിർത്തി
- അഭ്യാസമില്ലാത്ത ആത്മസമർപ്പണം
- ശ്രീരാമന്റെ നിർവ്യാജ ഭക്തി
- ധൈര്യവും ധാർമ്മികതയും
- കോപം ഉൾക്കൊള്ളുന്ന സ്വഭാവം

**ശത്രുഘ്നൻ**

രാമായണത്തിലെ നാലാമത്തെ സഹോദരനാണ് ഭരതന്റെ സഹോദരൻ, സുമിത്രയുടെ മകനും ലക്ഷ്മണന്റെ സഹോദരനുമാണ്. പതിവായി ഏറെ ശ്രദ്ധിക്കപ്പെടാതെ പോവുന്ന ഈ കഥാപാത്രത്തിന് ധാരാളം ഉജ്ജ്വല ഗുണങ്ങൾ ഉണ്ട്. “ശത്രുഘ്നൻ” എന്നതിന്റെ അർത്ഥം തന്നെ “ശത്രുക്കളെ നശിപ്പിക്കുന്നവൻ” എന്നാണ്.

**ശ്രീരാമനോടുള്ള സഹോദരങ്ങളുടെ സ്നേഹം എങ്ങനെ ആയിരുന്നു :**

ശ്രീരാമനോടുള്ള സഹോദരന്മാരുടെ സ്നേഹം ശുദ്ധവും ആഴത്തിലുള്ളതുമായ ഒരു ആത്മബന്ധമായിരുന്നു. അതത് സഹോദരന്മാരുടെയും സ്നേഹം വ്യത്യസ്തമായ രൂപങ്ങളിലായിരുന്നു, ഓരോരുത്തരും തങ്ങളുടെ സ്വഭാവത്തിനനുസരിച്ച് അതിനെ പ്രകടിപ്പിച്ചു. എന്നാല് ആ സ്നേഹത്തിൽ ഒരു കൂട്ടുപാടും ഉണ്ടായിരുന്നു .

# നായിക പ്രാധാന്യം

ക്രോധിനി നായിക (രാമായണത്തിൽ)

- ക്രോധം, ആവേശം, വേണ്ടതില്ലാത്ത അമിതപ്രതികരണം എന്നിവ കാണിക്കുന്ന നായികയാണ് ക്രോധിനി.

- കൈകേയി, മന്ഥരയുടെ പ്രസംഗം കേട്ടു ദശരഥനോടു രാമനെ വനവാസത്തിലേക്ക് അയയ്ക്കുവാനും ഭരതന് രാജ്യം നൽകുവാനുമാണ് ആവശ്യമവതരിപ്പിച്ചത്.

- ഈ സന്ദർഭത്തിൽ കാണുന്നത്, ക്രോധവും അവകാശബോധവും അടങ്ങിയ ഒരു ശക്തനായികാഭാവമാണ്.

എന്റെ കൈകേയി (എന്റെ നായിക)

എന്റെ ഭാവനയിൽ അവൾ അഭിസാരികയാകുന്നു.

കൈകേയിയെ ഈ ഭാവത്തിൽ കാണുന്നത് എങ്ങനെ?

- ഭരതനോടുള്ള അതിയായ ഇഷ്ടം, അവനു രാജ്യം വേണമെന്ന ആവശ്യത്തിന് വേണ്ടി രാമനെ വനവാസത്തിലേക്ക് അയച്ച തീരുമാനവും – ഇവയെല്ലാം "അഭിസാരികാ" ഭാവത്തിൽ ഉൾപ്പെടുത്താൻ സാധിക്കും.

- അതായത്, അമ്മ എന്ന അതിർത്തികൾ മറികടന്ന്, ആഗ്രഹത്തിനായി എന്തും ചെയ്യാൻ തയാറായ അവതാരം.

# കൈകേയി നൃത്ത രൂപത്തിൽ

"എല്ലാഴ്പോഴും വില്ലത്തിയായി അവതരിപ്പിക്കാറുള്ള ഒരു കഥാപാത്രമാണ് കൈകേയി.

എന്നാൽ, ഒരു പുതിയ കാഴ്ചപ്പാട് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

കൈകേയിയെ മാനവികതയുള്ള, സ്നേഹമുള്ള, വഴിതെറ്റിയവളല്ല, മറിച്ച് താൻ ചെയ്തത് തന്റെ മകൻ ഭരതനോടുള്ള ആഴത്തിലുള്ള സ്നേഹത്തിന്റെ പേരിലാണെന്ന് അവതരിപ്പിക്കുക.

നൃത്തരൂപത്തിൽ കൈകേയിയെ നല്ല കഥാപാത്രമായി അവതരിപ്പിക്കാൻ ചില നിർദേശങ്ങൾ:

1. പുതിയ ഭാവച്ചിന്തനത്തിൽ കൈകേയി:

- മകൻ ഭരതനെ പറ്റിയുള്ള സ്നേഹവും, അവൻ നശിച്ചുപോകാതിരിക്കാൻ നോക്കുന്ന അമ്മയുടെ പേടി.
- മന്ഥരയുടെ കാതിൽ പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ ഉള്ള തന്മയത്വം – അതാണ് അവളെ തിരുമാനം എടുക്കാൻ പ്രേരിപ്പിച്ചത്.
- ഭർത്താവ് ദശരഥനെ പ്രണയിച്ചെങ്കിലും, ധർമ്മത്തിന്റെ പേരിൽ കഠിനത്വം സ്വീകരിച്ച സ്ത്രീ.

2. അഭിനയത്തിൽ ഉപയോഗിക്കാവുന്ന ഭാവങ്ങൾ:

- വാത്സല്യം (മകനെ അനുരഞ്ജിപ്പിക്കുന്ന അനുഗ്രഹഭാവം)

- വ്യാകുലത (ദശരഥന്റെ വേദന കാണുമ്പോൾ)
- ആത്മപരിശോധന (അവൾതാൻ ചെയ്തതിന്റെ ഫലങ്ങൾ തിരിച്ചറിയുമ്പോൾ)
- അനുനയം (രാമൻ വനം പോകുന്നത് അറിയുമ്പോൾ ഉള്ള ദുഃഖം)

3. നൃത്ത ഭാഗങ്ങൾ:

- ആദ്യഭാഗം – കിരീടധാരിയായ ഭരതന്റെ സ്വപ്നം: ഭരതൻ ഭരണം ചെയ്യുന്നത് കൈകേയിയുടെ മനസ്സിൽ ഉയരുന്നു – അഭിനയം, ഭാവം, സ്വപ്നം, ഇച്ഛ.
- രണ്ടാം ഭാഗം – മന്ഥരയുടെ വരവ്: കൈകേയിയുടെ അനിഷ്ടതയും പിന്നീട് താളം മാറിയ ആഗ്രഹവും.
- മൂന്നാം ഭാഗം – ദശരഥനോട് തർജ്ജനം ചെയ്യുന്നത്: സത്വികഭാവം, വ്യാകുലത, ആത്മവിശ്വാസം.
- നാലാം ഭാഗം – രാമൻ വനം പോകുമ്പോൾ കൈകേയിയുടെ ഉള്ളിലെ പൊട്ടിപ്പൊളിയുന്ന വികാരം.
- അവസാന ഭാഗം – താൻ വെറുക്കപ്പെട്ടവളാകുമ്പോഴും കൈകേയിയുടെ നിസ്വാർത്ഥം, വേദന, മനസ്സിലാക്കപ്പെടാതെ പോയ സ്നേഹഭാവം.

4. സംഗീതം & ലയഭാവങ്ങൾ:

- രാഗം: മനസ്സിന്റെ ദ്വന്ദ്വം കാണിക്കാൻ മധ്യമാവതി, ശുഭപന്തുവർളി, ആനന്ദഭൈരവി തുടങ്ങിയവ.
- താളം: കുറച്ചുകൂടി നാടകീയവും ആന്തരഭാവം പ്രകടിപ്പിക്കാവുന്നതുമായ താളങ്ങൾ ഉപയോഗിക്കാവുന്നതാണ് – ആദിതാളം, രൂപകതാളം മുതലായവ.

**മൊത്തത്തിൽ:**

കൈകേയിയെ ദുഷ്ടതയുടെ പ്രതീകമായി മാത്രം കാണാതെ, ഒരു "ദ്വന്ദ്വമനസ്സുള്ള അമ്മ" എന്ന നിലയിൽ അവതരിപ്പിച്ചാൽ, അതിലൂടെ നവനാടകീയതയും ആഴമുള്ള അവതരണവും ചെയ്യുന്നത് വഴി പുതിയൊരു തലമുറയെ തന്നെ വാഴ്ത്തിയെടുക്കുവാൻ നമുക്ക് സാധിക്കും.

# പദ രൂപത്തിൽ

അഭിനയ അവതരണം: “കൈകേയിയുടെ മനസ്സിന്റെ ആന്തരയാത്ര”

നാടക രംഗത്തിന് നൽകിയിരിക്കുന്ന പേര്:

**“ഒരു അമ്മയുടെ ഹൃദയധ്വനി”**

രംഗം 1: മകനെ കുറിച്ചുള്ള മോഹം .

ഭാവങ്ങൾ: ഹസ്തങ്ങൾ കൊണ്ട് മകനെ തോളിൽ പിടിച്ചുവെക്കുന്നപോലെ കാണിക്കുക, കരുണയും സ്നേഹവും മുഖവിലാസത്തിൽ.

രംഗം 2: മന്ഥരയുടെ വികൃതമായ ഉപദേശം

ഭാവങ്ങൾ: തല കുനിയിച്ച് ദ്വന്ദ്വം പ്രകടിപ്പിക്കുക, ചുണ്ടുകൾ നീട്ടി പേടിയോടെയും ആശങ്കയോടെയും നോക്കുക.

രംഗം 3: ദശരഥനോട് വരം ആവശ്യപ്പെടുന്നു

ഭാവങ്ങൾ:ശക്തി, ദൃഢത. കൈകൊണ്ട് സിംഹാസനം കാണിക്കുക, വിരൽചൂണ്ടി പറഞ്ഞത് ആവശ്യപ്പെടുന്നവതാരത്തിൽ കാണിക്കുക.

രംഗം 4: രാമൻ വനം പോകുന്നു

ഭാവങ്ങൾ: കണ്ണ് നിറയുന്ന ഭാവം, വേദനയുടെ മൂലക്കുറ്റം മനസ്സിലായ അത്ഭുതം, കൈകൊണ്ട് ഹൃദയം പിടിച്ച് നെഞ്ചേറുന്ന രീതിയിൽ കാഴ്ച.

അവസാനം – കൈകേയിയുടെ സമാപനം

"ഞാൻ ഒരു അമ്മ ആയിരുന്നു...

പക്ഷേ ലോകം എന്നെ വില്ലത്തി ആക്കി."

(കൈക്കളും മുഖവിലാസവും കൊണ്ട് ഒരാളുടെ അകത്തുണരുന്ന സത്യം പ്രകടിപ്പിക്കുക. പ്രണയവും ത്യാഗവുമുള്ള അമ്മയുടെ പ്രതീകമായി കളരി.)

# കൈകേയി ഇന്നത്തെ കാലത്തേക്കുള്ള പ്രസക്തി

1. സ്ത്രീയുടെ കൂടുതൽ മാനവിക വശങ്ങൾ:

കൈകേയിയെ നമ്മൾ ഒരുപാട് നാൾ വില്ലത്തിയായി കണ്ടു. എന്നാൽ ഇന്ന് നമ്മൾ മനസ്സിലാക്കുന്നു

സ്ത്രീമനസ്സിനുള്ളിൽ വേദന, ആശങ്ക, പ്രതീക്ഷ, സ്നേഹം, തെറ്റായ മാർഗ്ഗനിർദേശങ്ങൾ എല്ലാം ഒരുപോലെ ചേർന്നു നിൽക്കുന്നു എന്നത്

ഇത് നമ്മെ മനുഷ്യത്വത്തോടെ കാണാൻ പഠിപ്പിക്കുന്നു.

2. മാതൃത്വത്തിന്റെ പൊരുൾ :

ഒരു അമ്മയ്ക്ക് മകനെ രക്ഷിക്കാനുള്ള ആഗ്രഹം ശക്തമാകുമ്പോൾ, അവൾ ധർമ്മത്തെയും മറക്കാം.

ഇന്നത്തെ സമൂഹത്തിൽ പല അമ്മമാരുടെയും നില ഇത്തിരി കൈകേയിയേക്കാൾ വ്യത്യസ്തമല്ല.

3. വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ആവശ്യം:

പഴയകഥാപാത്രങ്ങളെ പുതുക്കിയ കാഴ്ചപ്പാടുകളിൽ അവതരിപ്പിക്കുക എന്നത് കലയും സാഹിത്യവും ഏറ്റെടുക്കേണ്ട ഉത്തരവാദിത്വമാണ്.

കൈകേയിയെ വില്ലത്തി ആക്കി മാത്രമല്ല, സമ്പൂർണ്ണ സ്ത്രീയായി വായിച്ചാൽ, ഇന്നത്തെ സ്ത്രീകളുടെ സമരം, മാനസികസംഘർഷം, കരുത്ത് എന്നിവ മനസ്സിലാകുന്നു.

4.ഇന്നത്തെ നാടും സ്ത്രീകളും

കൈകേയി പോലെ, ഇന്നത്തെ സ്ത്രീകൾക്കും ചിന്തിക്കാനുള്ള സ്വാതന്ത്ര്യം, തീരുമാനമെടുക്കാനുള്ള അവകാശം വേണമെന്ന് സമൂഹം അംഗീകരിക്കണം.

# അവസാന നിഗമനം

അതുവരെ ഉണ്ടായിരുന്ന സ്നേഹവും കരുണയുമെല്ലാം തന്നെ തന്റെ മൂത്ത പുത്രന് നൽകുന്നത് കണ്ട് ഒരു അമ്മയ്ക്ക് തോന്നാവുന്ന ചെറിയ ചെറിയ കുശുമ്പുകളും വിഷമങ്ങളും ആണ് കൈകേയിയ്ക്ക് ഉണ്ടായിരുന്നത്.

തന്റെ മകനോടുള്ള അതിയായ ഇഷ്ടത്തെ എല്ലാവരും ചേർന്ന് ദുഷ്ട എന്ന മുദ്ര കുത്തി.

എഴുത്തുകളിൽ കവിതകളിൽ നാടകങ്ങളിൽ നൃത്തത്തിൽ എന്നിങ്ങനെ എല്ലായിടവും എല്ലാവരും ചേർന്ന് അവളെ ഒറ്റപ്പെടുത്തുകയായിരുന്നു ഉണ്ടായത്.

ഒരു പക്ഷെ ഈ ലോകത്തിൽ ഉള്ള എല്ലാവരും ഒരമ്മ ആയിരുന്നെങ്കിൽ എന്ന് കൈകേയിയും ചിലപ്പോൾ ചിന്തിച്ചിരുന്നായിരിയ്ക്കാം.

പക്ഷെ ഒരമ്മ അല്ലായിരുന്നിട്ടുകൂടി എനിയ്ക്ക് അവരെ മനസ്സിലാക്കുവാൻ സാധിച്ചുവല്ലോ.

അത് എന്ത് കൊണ്ടാകാം? അറിയില്ല .

എല്ലാവരും ഒരിയ്ക്കലെങ്കിലും ടി. വി. രാമകൃഷ്ണന്റെ കൈകേയി വായിച്ചിരിയ്ക്കണം . നമുക്ക് ശരി എന്നത് ഓരോന്ന് കാണുമ്പോൾ അത് ശരിതന്നെയോ അതോ അല്ലയോ എന്ന് നമുക്ക് മനസ്സിലാക്കുവാൻ സാതിയ്ക്കും.